## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 555** 29/06/2015-ൽ മറുപടിയ്ക്ക്

**"മിഷൻ 676 ൽ ഉൾപ്പെടുത്തി എല്ലാവർക്കും വീട്"**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.എ.റ്റി.ജോർജ്ജ്,<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ടി.എൻ.പ്രതാപൻ** | | **ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മിഷൻ 676 ൽ ഉൾപ്പെടുത്തി എല്ലാവർക്കും വീട് എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | മിഷൻ 676- ന്റെ ഭാഗമായി പഞ്ചായത്ത് വകുപ്പ് മുഖേന ഗ്രാമീണ മേഖലയിൽ ഭവന നിർമ്മാണ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട് |
| (ബി) | എന്തെല്ലാം കാര്യങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | മിഷൻ 676- ന്റെ ഭാഗമായി പഞ്ചായത്ത് വകുപ്പിൽ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്<br>1. ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടുകൂടി 2000 ഭവനരഹിതരായ പട്ടികവർഗ്ഗക്കാരായ കുടുംബങ്ങൾക്ക് പുതിയ വീട് നിർമ്മിക്കാൻ ആവശ്യമായ സാമ്പത്തിക സഹായം നൽകുന്ന പദ്ധതി തയ്യാറാക്കൽ<br>2. സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരമുള്ള സർവ്വേയിൽ കണ്ടെത്തിയ ഭവന ഗുണഭോക്താക്കളിൽ എഗ്രിമെന്റ് വച്ച് ഇനിയും ഭവനം പൂർത്തീകരിക്കാത്ത 35216 ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പൂർത്തീകരിക്കൽ |
| (സി) | പദ്ധതികളെ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) | മിഷൻ 676 ന്റെ ഭാഗമായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | യും (ഡി) യും | നിലവിലുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ